ജൂലൈ 2024

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

കുവൈറ്റിൽ ഉണ്ടായ തീപിടുത്തത്തിൽ അനേകർ മരിച്ചു എന്നത് ഏറെ ദുഃഖകരമാണ്. നമ്മുടെ സഭാംഗങ്ങളായ 3 പേരും അതിൽ ഉൾപ്പെട്ടിരുന്നു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളോടൊപ്പം കുവൈറ്റ് ഗവൺമെന്റും സത്വരമായി പ്രവർത്തിച്ചതിനാൽ കാലതാമസമില്ലാതെ മൃതശരീരങ്ങൾ നാട്ടിലെത്തിക്കാനായി. കുടുംബങ്ങൾക്കുള്ള സാമ്പത്തിക സഹായം ഉറപ്പാക്കുന്നതിൽ ഗവണ്മെന്റുകളും തൊഴിൽ സ്ഥാപനവും ശ്രദ്ധാലുക്കളായിരുന്നു എന്നതും പ്രസ്താവ്യമാണ്. മരിച്ചവർ ഏറെയും നാട്ടിലേക്ക് മടങ്ങാൻ പദ്ധതിയിട്ട പരിചയസമ്പന്നരായ പ്രവാസികളും, മറ്റ് ചിലർ കരിയർ ആരംഭിക്കുന്ന യുവ പ്രൊഫഷണലുകളും ആയിരുന്നു. മരിച്ചവരുടെയും പരിക്കേറ്റവരുടെയും കുടുംബാംഗങ്ങൾക്ക് നഷ്ടപരിഹാരം നൽകാമെന്നും ബന്ധുക്കൾക്ക് ജോലി നൽകാമെന്നും കമ്പനി അധികൃതർ ഉറപ്പുനൽകിയത് ഏറെ ആശ്വാസകരമാണ്. ദാരുണമായ തീപിടുത്തത്തിന്റെ കാരണങ്ങളെപ്പറ്റി അന്വേഷണം നടക്കുന്നു. ഇനിയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ വേണ്ട മുൻകരുതൽ എല്ലാവരും സ്വീകരിക്കേണ്ടത് ആവശ്യമാണ്. ഈ സംഭവവുമായി ബന്ധപ്പെട്ട എല്ലാവരെയും ദൈവകരങ്ങളിലർപ്പിക്കാം. പ്രതിസന്ധികളിൽ പതറിപോകാതെ ദൈവകൃപയിൽ ശരണപ്പെട്ട് മുന്നേറുവാൻ സർവ്വകൃപാലുവായ ദൈവം ഏവരെയും ശക്തീകരിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. ദുഃഖത്തിലായിരിക്കുന്ന എല്ലാ കുടുംബങ്ങളെയും മാർത്തോമ്മാ സഭയ്ക്കുള്ള ദുഃഖം അറിയിക്കുകയും സഭയുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഇന്ത്യയിൽ കഴിഞ്ഞ ലോക്സഭാ ഇലക്ഷനിൽ വിജയിച്ചു കേന്ദ്രത്തിൽ വീണ്ടും അധികാരത്തിലെത്തിയ നാഷണൽ ഡെമോക്രാറ്റിക് അലയൻസും പ്രധാനമന്ത്രി സ്ഥാനം വീണ്ടും ഏറ്റെടുത്ത ശ്രീ. നരേന്ദ്ര മോദിയും അഭിനന്ദനങ്ങൾ അർഹിക്കുന്നു. രാജ്യത്തിനകത്തും പുറത്തും വലിയ വെല്ലുവിളികളാണ് നമ്മെ കാത്തിരിക്കുന്നത്. അധികാരത്തിലുള്ളവർ വിവിധ ജാതിമത സ്ഥരെയും രാഷ്ട്രീയ ധാരകളെയും കോർത്തിണക്കി കൊണ്ടുപോകേണ്ടത് ആവശ്യമാണ്. ജനനന്മക്കും വിശേഷാൽ പാർശ്വവൽക്കരിക്കപ്പെട്ട ജനതയുടെ വിമോചനത്തിനുമായി പ്രവർത്തിക്കുവാൻ പുതിയ സർക്കാരിന് സാധിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. കേരളീയരായ ശ്രീ. സുരേഷ് ഗോപിയ്ക്കും ശ്രീ. ജോർജ് കുര്യനും കേന്ദ്ര മന്ത്രിസഭയിൽ ചേർന്ന് പ്രവർത്തിക്കുവാൻ ഇടയാകുന്നതിൽ സന്തോഷിക്കുന്നു. കേരളത്തിന്റെ പ്രത്യേക പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാനും വളർച്ചയിലേക്ക് സംസ്ഥാനത്തെ നയിക്കുവാനും ഇവർക്ക് സാധ്യമാകട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

ഈ ഇലക്ഷൻ നൽകിയ ജനവിധി ഏറെ പഠനവിധേയമാക്കേണ്ടതുണ്ട്. ജനാധിപത്യം അതിന്റെ അടിസ്ഥാന തത്വങ്ങളിൽ നിന്നും വഴിമാറി ഭൂരിപക്ഷാധിപത്യത്തിലേക്കു നയിക്കപ്പെടുന്നുവോ എന്ന് തോന്നിയ കാലഘട്ടത്തിൽ ആർക്കും ഏറിയ ഭൂരിപക്ഷം നൽകാതെ ജനാധിപത്യ മൂല്യങ്ങളെ സംരക്ഷിക്കുവാനാവശ്യമുള്ള വ്യവസ്ഥാപിത സംവിധാനങ്ങൾ നിലനിറുത്തുവാൻ ജനങ്ങൾ ശ്രദ്ധിച്ചു. അതും സാധാരണക്കാരായ ജനങ്ങളാണിതിനു കാരണക്കാർ എന്നത് ഏറെ ചിന്തനീയമാണ്. ജനങ്ങളുടെ സാമൂഹ്യ ബോധ്യങ്ങളെ പരസ്യ ഏജൻസികളിലൂടെയും ഇലക്ടറൽ മാനേജ്മെന്റുകളിലൂടെയും മാത്രമെ കൈകാര്യം ചെയ്യാൻ കഴിയൂ എന്ന് ചിന്തിക്കുന്ന വരേണ്യ ബോധ്യങ്ങൾക്കേറ്റ തിരിച്ചടിയായിട്ടാണ് ഈ ഇലക്ഷനെ പലരും വിലയിരുത്തുന്നത്. രാഷ്ട്രത്തിന്റെ ഭരണഘടന ഉറപ്പുനൽകുന്ന സ്വാതന്ത്ര്യവും മതേതര-സോഷ്യലിസ്റ്റ് മൂല്യങ്ങളും ആവർത്തിച്ചു പ്രഖ്യാപിക്കുവാൻ നാം ബാധ്യസ്ഥരാണ്. ഭരണകൂടത്തോട് ചേർന്ന് നാം പ്രവർത്തിക്കുമ്പോഴും നീതിയും സമാധാനവും പുലർത്തുവാൻ ജാഗരൂകരായിരിക്കണം.

നമ്മുടെ സഭയിൽ പുതിയ പട്ടക്കാരുടെ നിയോഗ ശുശ്രൂഷകൾ ജൂലൈ മാസം മുതൽ ആരംഭിക്കുന്നു. ജൂലൈ – ആഗസ്റ്റ് മാസങ്ങളിൽ 32 പേർ വൈദീക സ്ഥാനത്തേക്ക് പ്രവേശിക്കുന്നതിന് ഒരുങ്ങുന്നു. ഏറെ വെല്ലുവിളികൾ

നിറഞ്ഞ ഒരു കാലഘട്ടത്തിലാണ് പുത്തൻ പ്രതീക്ഷകളുമായി പുതിയ വൈദീകർ നിയോഗിതരാകുന്നത്. ലോക നാഥനായ ക്രിസ്തുവിനെ സാക്ഷിക്കുവാൻ നിയോഗിക്കപ്പെടുന്നവർ ലോകത്തെയും ക്രിസ്തുവിനെയും അടുത്തറിയുന്നവരാകണം. നിത്യജീവൻ പ്രദാനം ചെയ്യുവാൻ ലോകത്തെ സ്നേഹിച്ച ദൈവത്തെയാണ് വേദപുസ്തകം വരച്ചുകാട്ടുന്നത്. ലോകത്തെ സ്നേഹിക്കുക എന്നാൽ ലോകത്തെ അതിന്റെ എല്ലാ തിന്മകളോടെയും വാരിപ്പുണരുകയെന്നല്ല പിന്നെയോ ലോക സമസ്യകളെ ക്രിസ്തു ദർശനബോധത്തിൽ സമീപിക്കുവാനുള്ള ശ്രമമാണത്. എല്ലാ വൈദീക സ്ഥാനികളും അത്തരം ഒരു ശ്രമത്തിൽ ഏർപ്പെട്ടിരുന്നുവെങ്കിൽ ക്രിസ്തു സഭയുടെ ലോകത്തിലുള്ള പ്രതിച്ഛായതന്നെ മാറിപ്പോയേനെ. മാറ്റത്തിന്റെ വക്താക്കളാകുവാൻ പുതുതായി നിയോഗിക്കപ്പെടുന്ന വൈദീകർക്കാവട്ടെയെന്നു ആശംസിക്കുന്നു. അവരെ അഭ്യസിപ്പിച്ച വൈദീക പാഠശാലകളും അവരെ അതിനായി ഒരുക്കിയ മാതാപിതാക്കളും ഗുരുക്കന്മാരും ഇടവകകളും ഏറെ അഭിനന്ദനങ്ങൾ അർഹിക്കുന്നു.

വൈദീക സമൂഹത്തെ ഓർത്തു പ്രാർത്ഥിക്കേണ്ട ഞായറാഴ്ചയാണല്ലോ ജൂലൈ മാസം 14. ഇടയ പരിപാലന ശുശ്രൂഷയുടെ അനേക മാതൃകകളിലൂടെ അതിന്റെ മാഹാത്മ്യം ഉയർത്തിക്കാട്ടിയിരുന്ന നമ്മുടെ മുൻതലമുറയിലെ വൈദീകരെ ഈ സമയം നമുക്കോർക്കാം. ഇടയ പരിപാലന ശുശ്രൂഷയ്ക്ക് ഊടും പാവും നെയ്ത ഇവർ ജനമനസ്സിൽ അവശേഷിപ്പിച്ച വൈദീകരെക്കുറിച്ചുള്ള ധാരണകൾ എത്രയോ ശ്രേഷ്ഠം. എന്നാൽ അതിന് ഈ കാലഘട്ടത്തിൽ മങ്ങലേറ്റിട്ടുണ്ടോ എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്. വിളിച്ച ദൈവത്തോടുള്ള വിധേയത്വവും, സഭയോടുള്ള കൂറും, പ്രവർത്തനത്തിലെ ആർജവത്വവും, നൈർമല്യ ജീവിതവും, മാതൃകാ ജീവിത ശൈലിയും കൈമുതലാക്കേണ്ടവരാണ് പട്ടക്കാർ എന്നോർത്തിരിക്കണം. ചില ആനുകാലിക സംഭവങ്ങൾ ഏറെ വേദനയുളവാക്കുന്നു. മെച്ചമായ പ്രവർത്തനങ്ങളും മാതൃകകളും ദൈവജനം ആഗ്രഹിക്കുന്നു എന്നത് ഒരു വസ്തുതയാണ്. അനേക പരിമിതികളിലാണ് ഒരു വൈദീകൻ തന്റെ ശുശൂഷ നിർവഹിക്കുന്നതെന്നും അറിയാം. ജനങ്ങളും വൈദീകരും ചേർന്നുള്ള ഈ ശുശ്രൂഷയിൽ അന്യോന്യം കൈത്താങ്ങൽ നൽകി പ്രവർത്തിക്കുവാൻ ദൈവം സഹായിക്കട്ടെ. വിളിച്ചവൻ വിശ്വസ്തൻ എന്നത് മറന്നുപോകരുത്.

നമ്മുടെ സഹോദരി സഭയായ ഉത്തരേന്ത്യ സഭ (CNI) ആദ്യ വനിതാ ബിഷപ്പിനെ തിരഞ്ഞെടുത്ത് ചരിത്രമെഴുതി. റവ വയലറ്റ് നായക്കാണ് സഭയുടെ ഒഡിഷയിലെ ഫുൽവാനി ഭദ്രാസനത്തെ ഇനി നയിക്കുന്നത്. ഛത്തീസ്ഗഢിലെ ബിഷപ്പായി റവ സുഷമ കുമാരിനെയും തെരഞ്ഞെടുത്തിട്ടുണ്ട്. സഭകളുടെ നേതൃത്വത്തിൽ സ്ത്രീകൾക്ക് പരിമിതി കല്പ്പിച്ചിരുന്ന ഒരു ലോകവീക്ഷണത്തിൽനിന്നും സഭ പുറത്തുകടക്കുന്നു എന്നതിന്റെ ഒരു സൂചനയായി ഈ നിയോഗങ്ങളെ ദർശിക്കാം. സഭാ നേതൃത്വങ്ങൾക്ക് അടിസ്ഥാനപരമായി ആവശ്യമായ ദൈവ വിധേയത്വം, ഉത്തരവാദിത്തം, സുതാര്യത, സമഗ്രത എന്നിവ ഉറപ്പിക്കുവാൻ ഏവർക്കും കഴിയട്ടെയെന്ന് ആശംസിക്കുന്നു. പലസ്തീൻ –ഇസ്രായേൽ സംഘർഷങ്ങൾക്കിനിയും ഒരറുതി വരുന്നില്ല എന്നത് ഏറെ വേദനാജനകമാണ്. സാമാന്യ ജനം മരിച്ചുവീഴുന്നിടത്തു മരിക്കുന്നതു ജനം മാത്രമല്ല അഹിംസയുടെ ഉദാത്ത മാതൃകകൾ കൂടിയാണ്. മറ്റൊരുവനെ കീഴ്പ്പെടുത്തി നേടേണ്ടതാണ് സ്വന്ത വിജയം എന്ന കോളോണിയൽ ആശയ ഗതികളുടെ പുത്തൻ പതിപ്പുകൾ ശക്തി പ്രാപിക്കുന്നു. ഇന്ത്യയിൽ മണിപ്പൂരിലിനിയും ശാന്തത കൈവരിക്കപ്പെട്ടിട്ടില്ല. ലോക മനസാക്ഷി സമൂഹത്തിന്റെ ധാർഷ്ട്യങ്ങൾക്കിരയാകുന്നവർക്കുവേണ്ടി ഉണരേണ്ടിയിരിക്കുന്നു. സമൂഹത്തിന്റെ വീണ്ടെടുപ്പിനായി നമുക്ക് ശബ്ദമില്ലാത്തവരുടെ ശബ്ദമായിത്തീരാം.

കേരള സർക്കാരിന്റെ രേഖകളിൽ നിന്ന് 'കോളനി' എന്ന പദം ഒഴിവാക്കുമെന്ന് സ്ഥാനമൊഴിഞ്ഞ പട്ടികജാതി പട്ടികവർഗ്ഗ മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ പ്രസ്താവിച്ചത് സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. അടിമത്വത്തെ സൂചിപ്പിക്കുന്ന പദമാണത്. എല്ലാ കോളനികളുടെയും പേര് മാറ്റുമെന്നാണ് മന്ത്രി പ്രസ്താവിച്ചത്. പേര് മാറ്റത്തോടൊപ്പം സാധാരണക്കാരുടെ സാമൂഹ്യ പരിസരം മെച്ചപ്പെടുത്താനുതകുന്ന കർമ്മപദ്ധതികളും ആവിഷ്ക്കരിക്കുന്നത് ഉചിതമാണ്. പുരോഗമനപരവും സാമൂഹ്യ നീതിയിലേക്കു നയിക്കുന്നതുമായ ഒരു തീരുമാനം തമിഴ്നാടും കൈക്കൊള്ളുന്നു എന്നത് സ്വാഗതാർഹമാണ്. തമിഴ്നാട്ടിൽ സ്കൂളുകൾക്ക് ജാതിചിഹ്നമോ ജാതി സൂചിപ്പിക്കുന്ന പേരോ ഇനിയും പാടില്ല, സ്വകാര്യ സ്കൂളുകൾക്ക് ജാതിപ്പേരുണ്ടെങ്കിൽ നീക്കം ചെയ്യണം തുടങ്ങി 20 ശുപാർശകൾ സർക്കാർ നിയോഗിച്ച ജസ്റ്റിസ് ചന്ദ്രു കമ്മിറ്റിയുടെ റിപ്പോർട്ടിലുമുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജാതി- വംശീയ വികാരങ്ങൾ മൂലമുണ്ടാകുന്ന സംഘർഷം ഒഴിവാക്കുന്നതിനെക്കുറിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കാനാണ് കമ്മിറ്റിയെ നിയോഗിച്ചത്.

24 ലക്ഷം അപേക്ഷകർ എഴുതിയ ഈ വർഷത്തെ നീറ്റ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നു എന്നതും യു. ജി. സി. നടത്തിയ നെറ്റ് പരീക്ഷ റദ്ദാക്കി എന്നതും അത്യന്തം ഉത്കണ്ഠയോടാണ് നാം ശ്രവിച്ചത്. ജൂൺ നാലിന് പ്രസിദ്ധീകരിച്ച നീറ്റ് പരീക്ഷാ ഫലത്തിൽ വൻതോതിൽ ക്രമക്കേടുകളുണ്ടെന്നാണ് ഉയർന്ന ആരോപണം. ഏറെ പ്രതീക്ഷയോടെ ലക്ഷക്കണക്കിന് വിദ്യാർഥികളെഴുതുന്ന ഇത്തരം പരീക്ഷകൾ ഏറ്റവും ഉന്നതമായ സുരക്ഷാ നിലവാരം പാലിക്കേണ്ടതാണ്. ഈ വർഷത്തെ ചോദ്യപേപ്പർ ചോർച്ചയ്ക്ക് ഉത്തരവാദികളായവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷി

ക്കേണ്ടതും ഇത്തരം സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പശ്ചാത്തലത്തിൽ മാർത്തോമ്മാ സഭയുടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വരുത്തേണ്ട സമഗ്ര പരിഷ്കാരങ്ങൾ സംബന്ധിച്ച ആലോചനകളും ശുപാർശകളും മാർത്തോമ്മാ സഭയുടെ ഉന്നത വിദ്യാഭ്യാസ കമ്മീഷൻ മെത്രാപ്പോലീത്തായ്ക്ക് സമർപ്പിച്ചു. പുലാത്തിനിൽ ചേർന്ന യോഗത്തിൽ ഉന്നത വിദ്യാഭ്യാസ കമ്മീഷൻ അംഗങ്ങളും വിദ്യാഭ്യാസ വിദഗ്ദ്ധരും പങ്കെടുത്തു. ഇതിന്റെ തുടർച്ചയായി മാർത്തോമ്മാ സഭാ കൗൺസിലും പ്രതിനിധി മണ്ഡലവും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് ശുപാർശകൾക്ക് അന്തിമ രൂപം നൽകേണ്ടിയിരിക്കുന്നു.

മാർത്തോമ്മാ സഭയുടെ ദൗത്യവഴിയിലെ കാഴ്ചകളും വിശേഷങ്ങളുമായി സഭയുടെ ഔദ്യോഗിക മാർത്തോമ്മാ വിഷൻ-യുട്യൂബ് ചാനൽ അനുഗ്രഹീതമായി പ്രവർത്തിക്കുന്നു. സഭയിൽ ഒരു നൂതന കാൽവെയ്പായി സമാരംഭിച്ച ചാനൽ അതിന്റെ പ്രവർത്തന സരണിയിൽ ഒരു വർഷം പിന്നിട്ടിരിക്കുന്നു. സഭയുടെ മിഷൻ പ്രവർത്തനങ്ങൾ, കരുതൽ പ്രവർത്തനങ്ങൾ, വിവിധ പ്രോഗ്രാമുകൾ, അറിയിപ്പുകൾ, ധ്യാനം, അഭിമുഖങ്ങൾ, അനുഭവങ്ങൾ, സാമൂഹ്യ വിഷയങ്ങളിലുള്ള പ്രതികരണങ്ങൾ, സംഗീത പരിപാടികൾ, തുടങ്ങിയവ മാർത്തോമ്മാ വിഷൻ ഓൺലൈൻ ചാനലിലൂടെ സഭാജനങ്ങൾക്ക് ലഭ്യമാകുന്നു. മാരാമൺ മണൽപ്പുറത്ത് മാർത്തോമ്മാ വിഷൻ സ്റ്റാളും പ്രവർത്തിച്ചിരുന്നു. ചാനലിന് ഇപ്പോൾ ഓൺലൈൻ സബ്സ്ക്രൈബേഴ്സ് 10,000 കടന്നു. മാർത്തോമ്മാ വിഷനെ ഇനിയും കൂടുതൽ ആളുകൾക്ക് പരിചയപ്പെടാനും സബ്സ്ക്രൈബേഴ്സിന്റെ എണ്ണം വർദ്ധിക്കാനും ഇടയാകണം. മാർത്തോമ്മാ വിഷൻ ചാനൽ പ്രവർത്തകരെയും, കമ്മിറ്റി അംഗങ്ങളെയും, വിശേഷാൽ മാർത്തോമ്മാ വിഷൻ കൺവീനർ ശ്രീ. സാം ചെമ്പകത്തിലിനെയും അഭിനന്ദിക്കുന്നു.

ജവഹർലാൽ നെഹ്റു കൾച്ചറൽ സൊസൈറ്റി ഏർപ്പെടുത്തിയ ജവഹർ പുരസ്ക്കാർ 2024 ന് അഭിവന്ദ്യ ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പാ തിരുമേനി അർഹനായി. ഏറ്റവും ഉയർന്ന സർവകലാശാലാ ബിരുദമായ ഡോ. ഹാബിൽ (ഡോക്ടർ ഹാബിലിറ്റാറ്റസ്) എന്ന വിശിഷ്ട പദവിക്ക് അഭിവന്ദ്യ ഡോ. ജോസഫ് മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ അർഹനായി. നമ്മുടെ പൂനെ സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ ഇടവകാംഗമായ ഡോ. ഡബ്ല്യൂ. എസ്. ആനി പൂനെ യൂണിയൻ ബിബ്ലിക്കൽ സെമിനാരിയുടെ പ്രിൻസിപ്പാൾ ആയി തിരഞ്ഞെടുക്കപ്പെട്ടു. ഫ്ളോറിഡ ഓർലൻഡോ മാർത്തോമാ ഇടവകാംഗവും അമേരിക്കയിലെ സെൻട്രൽ ഫ്ളോറിഡ സർവ്വകലാശാലയിൽ നാനോ ടെക്നോളജി, ഒപ്റ്റിക്സ്, മെറ്റീരിയൽസ് വിഭാഗം പ്രൊഫസറും ഗവേഷകനുമായ ഡോ. ജയൻ തോമസിന് ഫുൾ ബ്രെയിറ്റ് സ്പെഷ്യലിസ്റ്റ് പുരസ്കാരം ലഭിച്ചു. അമേരിക്കയിലെ മികവ് തെളിയിച്ച ശാസ്ത്രജ്ഞർ, ഗവേഷകർ, കലാ പ്രവർത്തകർ, പ്രൊഫസർമാർ തുടങ്ങിയവർക്ക് മറ്റു രാജ്യങ്ങളിൽ ശാസ്ത്ര-സാങ്കേതിക വിദ്യ ഉൾപ്പടെയുള്ള രംഗങ്ങളിൽ പദ്ധതി രൂപീകരണത്തിനും മേൽനോട്ടത്തിനും സഹകരണ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നതിനും അവസരം ഒരുക്കുകയാണ് പുരസ്കാരത്തിന്റെ ലക്ഷ്യം. സഭയിലും പൊതുസമൂഹത്തിലും വിദ്യാഭ്യാസ ശാസ്ത്ര സാങ്കേതിക മേഖലകളിലും അംഗീകാരം നേടിയ പ്രീയപ്പെട്ടവരെയെല്ലാം സഭയുടെ പേരിൽ അഭിനന്ദിക്കുന്നു.

നമ്മുടെ സഭയിൽ 2023- 24 വർഷത്തിൽ 34 വൈദീകർ സഭയുടെ സജീവ സേവനത്തിൽ നിന്നും വിരമിച്ചു. അവരുടെ ധന്യവും ശ്രേഷ്ഠവുമായ ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. സീനിയർ വികാരി ജനറാളായി കഴിഞ്ഞ മൂന്ന് വർഷക്കാലം സ്തുത്യർഹമായ ശുശ്രൂഷകൾ നിർവ്വഹിച്ച വന്ദ്യ ദിവ്യശ്രീ. ജോർജ്ജ് മാത്യു കശ്ശീശാ 2024 ജൂൺ 30 ന് സഭയുടെ സജീവ സേവനത്തിൽ നിന്നും വിരമിക്കുന്നു. സീനിയർ വികാരി ജനറാൾ ചുമതലയോടൊപ്പം വിവിധ കാലങ്ങളിൽ റാന്നി-നിലയ്ക്കൽ, ചെങ്ങന്നൂർ-മാവേലിക്കര, നിരണം-മാരാമൺ എന്നീ ഭദ്രാസനങ്ങളുടെ വികാരി ജനറാൾ ചുമതലയും അച്ചൻ നിർവ്വഹിച്ചു. കൂടാതെ മെത്രാപ്പോലീത്തായുടെ പട്ടത്വ സുവർണ്ണ ജൂബിലി പദ്ധതികളായ അഭയം, ലക്ഷ്യ എന്നിവയുടെ നടത്തിപ്പിൽ അച്ചൻ നല്കിയ നേതൃത്വം എടുത്ത് പറയത്തക്കതാണ്. തുടർന്നും ദൈവരാജ്യകെട്ടുപണിയിൽ അനുഗ്രഹകരമായി പ്രവർത്തിക്കുവാൻ ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അച്ചനോടും കുടുംബത്തോടുമുള്ള നന്ദി അറിയിക്കുന്നു. സഭയുടെ സീനിയർ വികാരി ജനറാളായി ജൂലൈ 1 മുതൽ വന്ദ്യ ദിവ്യശ്രീ. ഡോ. ഈശോ മാത്യു കശ്ശീശ ചുമതലയേൽക്കുന്നു. നിരണം-മാരാമൺ ഭദ്രാസന വികാരി ജനറാൾ എന്ന ചുമതലയും അച്ചൻ നിർവ്വഹിക്കുന്നതാണ്. അച്ചന്റെ ശുശ്രൂഷകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

നെടുമ്പ്രം ക്രിസ്തോസ് മാർത്തോമ്മാ ഇടവകാംഗവും ഭാഗ്യസ്മരണീയനായ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ ജ്യേഷ്ഠ സഹോദരനുമായ ചിറയിൽ കണ്ടത്തിൽ ശ്രീ. സി. ഐ. ഏബ്രഹാം നിര്യാതനായി. കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കുചേരുകയും സഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ജൂലൈ മാസത്തിൽ സഭ ധ്യാനിക്കുന്ന വിഷയങ്ങൾ എങ്ങനെ ദൈവജനം ദൈവരാജ്യ നിർമ്മിതിയിൽ ഭാഗഭാക്കുകൾ ആകുന്നു എന്നത് സംബന്ധിച്ചാണ്.

ജൂലൈ 7 ഞായറാഴ്ച ദശാംശ സമർപ്പണ ദിനമാണ്. സഭയുടെ സന്ധാരണത്തിനായും സുവിശേഷ വേലയ്ക്കായും സാധുജന പരിപാലനത്തിനായും തങ്ങളുടെ വരുമാനത്തിന്റെ ഒരു വിഹിതം മാറ്റിവച്ചു സമർപ്പിക്കുന്നത് നമ്മുടെ പൂർവികർ നമ്മെ പഠിപ്പിച്ച ശ്രേഷ്ഠ പതിവാണ്. മാർത്തോമ്മാ സഭ മുഖ്യമായും അതിന്റെ അംഗങ്ങളുടെ സംഭാവനകൾ കൊണ്ടാണ് വളർന്നു വികാസം പ്രാപിച്ചത് എന്നത് അഭിമാനത്തോടെ ഓർക്കുന്നു. തങ്ങൾക്കു ലഭിച്ച വിഭവങ്ങൾ പതിതരായവരുടെ അഭ്യുന്നതിക്കു വേണ്ടി ഉപയോഗിക്കാതെ ഇരിക്കുന്നത് ദൈവിക ന്യായവിധി വരുത്തി വെക്കുമെന്നുള്ള സൂചന ഏവൻഗേലിയോൻ പങ്കു വെയ്ക്കുന്നു എന്നത് ശ്രദ്ധിക്കുമല്ലോ. (ലൂക്കോ 16: 19-31)

ജൂലൈ 14 ഞായർ 'വൈദീകർ-ഇടയപരിപാലന ശുശ്രൂഷകർ' എന്ന വിഷയമാണ് ധ്യാനിക്കുന്നത്. സഭയുടെ കെട്ടുപണിയിൽ സമർപ്പിത വൈദികരുടെ പങ്ക് എല്ലാക്കാലത്തും നന്ദിയോടെ സ്മരിക്കപ്പെടേണ്ടതുണ്ട്. ആട്ടിൻകൂട്ടത്തിൻമേൽ കർത്തൃത്വം നടത്തുന്നവരായല്ല, മാതൃകയുടെ ആധികാരികതയുള്ള ശുശ്രൂഷ ചെയ്യുന്നവരായി പട്ടത്വ സമൂഹം തീരണം എന്നു വിശുദ്ധ പത്രോസ് ശ്ലീഹാ ഓർമിപ്പിക്കുന്നു. തന്റെ ആട്ടിൻകൂട്ടത്തിനു വേണ്ടി ജീവൻ അർപ്പിച്ച വലിയ ഇടയൻ പ്രത്യക്ഷനാകുമ്പോൾ തേജസ്സിന്റെ വാടാത്ത കിരീടം തന്റെ വിശ്വസ്ത സഹപ്രവർത്തകർക്കു താൻ നൽകുമെന്ന വലിയ പ്രതിഫല വാഗ്ദാനം ഭൂമിയിലുള്ള സകല പ്രതിഫലത്തേക്കാളും വലുതായി കാണാൻ ശുശ്രൂഷകർക്കു കഴിയേണ്ടതുണ്ട്.

ജൂലൈ 21 ഞായറാഴ്ച 'ദൈവരാജ്യ നിർമ്മിതിയിൽ പങ്കു വഹിക്കേണ്ട ദൈവജനം' എന്ന ചിന്താവിഷയം സഭ ധ്യാനിക്കുന്നു. ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടും പൂർണമനസ്സോടും കൂടെ സ്നേഹിക്കുന്നതും കൂട്ടുകാരനെ തന്നെത്താൻ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കുന്നതുമാണ് നിത്യജീവൻ പ്രാപിക്കുന്നതിന്റെ അടിസ്ഥാനം. അത്, പ്രാവർത്തികമാകുന്നത്, ദൈവത്തെ ആരാധിക്കുന്നതോടൊപ്പം ദൈവസാദൃശ്യം പേറുന്ന സഹമനുഷ്യരെ സ്നേഹിച്ചു കരുതുന്നതിലൂടെ ആകുന്നുവെന്ന് കർത്താവ് നമ്മെ പഠിപ്പിക്കുന്നു. സ്നേഹത്തിലൂടെയും കരുതലിലൂടെയും ആത്മ സമർപ്പണത്തിലൂടെയും ദൈവരാജ്യം പണിയുവാൻ ദൈവമക്കൾക്കു കഴിയേണ്ടതുണ്ട്.

ജൂലൈ 28 ഞായറാഴ്ച 'പരിശുദ്ധാത്മ വരങ്ങൾ ദൈവജനത്തിന്റെ ആത്മീയ പരിപോഷണത്തിന്' എന്ന വിഷയം സഭ ധ്യാനിക്കുന്നു. വ്യത്യസ്ത വരങ്ങൾ നൽകി ദൈവം തന്റെ ജനത്തെ ആക്കിവച്ചിരിക്കുന്നു. ആത്മാവിന്റെ പ്രകാശനം പൊതു പ്രയോജനത്തിനായി നൽകപ്പെട്ടിരിക്കുന്നു. അവരവരുടെ പുകഴ്ചയ്ക്കും നേട്ടത്തിനും വേണ്ടിയല്ല വരപ്രസാദം നല്കപ്പെട്ടിരിക്കുന്നത്. അതിലുപരിയായി പാപമോചനത്തിന്റെയും വിടുതലിന്റെയും പ്രബോധനത്തിന്റെയും ശുശ്രൂഷ പരിശുദ്ധാത്മദാനം ലഭിച്ചവർ ചെയ്യേണ്ടതുണ്ട്. മാമോദീസയിലൂടെ, പരിശുദ്ധാത്മ നൽവരം പ്രാപിച്ച സഭാമക്കൾ പരസ്പരം ആത്മിക പരിപോഷണത്തിനു പ്രതിബദ്ധതയുള്ളവരായി തീരേണ്ടതുണ്ടല്ലോ. അതിനായി നമ്മെ ദൈവകരങ്ങളിലർപ്പിക്കാം.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

പൂലാത്തീൻ
26.06.2024

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**

## മെത്രാപ്പോലീത്തായുടെ അറിയിപ്പ്

നമ്മുടെ വൈദീകരിലൊരാളായ റവ. പ്രിൻസ് വർഗ്ഗീസ് മഠത്തിലേത്ത് സഭയുടെ അനുവാദത്തോടെ ഉപരി പഠനാർത്ഥം അമേരിക്കയിലേക്ക് പോകുകയും 2017 മുതൽ ന്യൂജേഴ്സിയിലുള്ള പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിൽ ഉപരിപഠനം നടത്തി വരികയും ചെയ്യുന്നു. ഗവേഷണ പഠനത്തിന് എപ്പിസ്ക്കോപ്പൽ സിനഡ് അനുവദിച്ച കാലാവധി പൂർത്തിയായപ്പോൾ അച്ചനെ ഇന്ത്യയിലേക്ക് മടക്കി വിളിക്കുവാൻ സഭ താല്പര്യപ്പെട്ടു. എന്നാൽ അച്ചൻ തന്റെ ഗവേഷണ പഠനം പൂർത്തീകരിക്കുന്നതിനായി ഒരു വർഷം കൂടി നീട്ടി നല്കണമെന്ന് അപേക്ഷിക്കുകയും, 2023 ൽ എപ്പിസ്ക്കോപ്പൽ സിനഡ് 2023-24 വർഷം കൂടി പഠനത്തിനായി അനുവദിക്കുകയും ചെയ്തു.

ഗവേഷണ പഠനത്തിനുള്ള എക്സ്റ്റൻഷൻ കാലാവധി അവസാനിച്ചപ്പോൾ 2024 മുതൽ പോസ്റ്റ് ഡോക്ടറൽ പഠനത്തിന് രജിസ്റ്റർ ചെയ്യുന്നതിന് അനുവാദത്തിനായി അപേക്ഷിച്ചു. സിനഡിന്റെ തീരുമാനപ്രകാരം നാട്ടിലേക്ക് മടങ്ങണമെന്ന അറിയിപ്പ് അച്ചന് നല്കി. പ്രസ്തുത തീരുമാനം അനുസരിക്കാതെ സഭയുടെ പട്ടത്വ ശുശ്രൂഷയിൽ നിന്നും രാജിവെയ്ക്കുന്നതായി റവ. പ്രിൻസ് വർഗ്ഗീസ് മഠത്തിലേത്ത് മെത്രാപ്പോലീത്തായെ അറിയിക്കുകയും, മെത്രാപ്പോലീത്താ ആയത് സ്വീകരിക്കുകയും ചെയ്തു. തുടർന്ന് കൂടിയ എപ്പിസ്ക്കോപ്പൽ സിനഡ് റവ. പ്രിൻസ് വർഗ്ഗീസ് മഠത്തിലേത്തിനെ 2024 ജൂൺ മാസം മുതൽ മാർത്തോമ്മാ സഭയുടെ പട്ടത്വ സംബന്ധമായ സകല പദവികളിൽ നിന്നും, ശുശ്രൂഷകളിൽ നിന്നും, അധികാരങ്ങളിൽ നിന്നും, ചുമതലകളിൽ നിന്നും വിടർത്തി. പ്രസ്തുത വിവരം മെത്രാപ്പോലീത്തായുടെ 133-ാം നമ്പർ സർക്കുലർ പ്രകാരം ഏവരെയും അറിയിച്ചിട്ടുമുണ്ട്.

തിരുവല്ല
26. 06. 2024

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**